പുനർനിയമനം ലഭിച്ചവർ

*138 [140] ഡോക്ടർ എ. സുബ്ബറാവു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൻഷൻ പറ്റിയതിനുശേഷം പുനർനിയമനം ലഭിച്ചിട്ടുള്ള എത്രപേർ സംസ്ഥാനഗവൺമെന്റിന്റെ വിവിധ വകുപ്പുകളിലായി ഇപ്പോൾ ജോലിനോക്കിവരുന്നു;

(ബി) ഇവരിൽ ക്ലാസ്സ്-1, ക്ലാസ്സ്-2, ക്ലാസ്സ്-3, ക്ലാസ്സ്-4 എന്നീ ഓരോവിഭാഗത്തിലും എത്രപേർ വീതമുണ്ടെന്ന് വ്യക്തമാക്കുമോ:

(സി) ഏതെല്ലാം വകുപ്പുകളിലാണ് ഇവർ ജോലിനോക്കിവരുന്നതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ,ബി,സി) വിവരം പൂർണ്ണമായി ശേഖരിച്ചു കഴിഞ്ഞിട്ടില്ല. ഇതുവരെ ലഭ്യമായ വിവരം അനുസരിച്ച് 8 പേർ സംസ്ഥാനഗവൺമെന്റിന്റെ വിവിധ വകുപ്പുകളിലായി ഇപ്പോൾ ജോലി നോക്കിവരുന്നു. അവരിൽ 5 പേർ ക്ലാസ്സ്-1 വിഭാഗത്തിലും 3 പേർ ക്ലാസ്സ്-2 വിഭാഗത്തിലുംപെട്ടവരാണ്. (ലിസ്റ്റ് അനുബന്ധമായി കൊടുത്തിട്ടുണ്ട്.)† ബാക്കി വിവരം ശേഖരിച്ചുവരുന്നു.

ആദിവാസികൾക്ക് ചികിൽസാ സൗകര്യം

*139 [141] ശ്രീ. കെ. പങ്കജാക്ഷൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആദിവാസികൾക്ക് ചികിൽസാ സൗകര്യം എത്തിക്കാൻ അവരുടെ കേന്ദ്രങ്ങളിൽ ഡിസ്പെൻസറി ആരംഭിക്കുകയോ മൊബൈൽ ഡിസ്പെൻസറികൾ പ്രവർത്തിപ്പിക്കുകയോ ചെയ്യുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

ഉണ്ട്. ആദിവാസികേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ഡിസ്പെൻസറികൾ, മൊബൈൽ ഡിസ്പെൻസറികൾ മുതലായവയുടെ പട്ടിക മേശപ്പുറത്ത് വച്ചിട്ടുണ്ട്.‡

പട്ടികജാതി-പട്ടിക വർഗ്ഗങ്ങളുടെ ആനുകൂല്യങ്ങൾ മതത്തിന്റെ പേരിൽ നിഷേധിക്കുന്നത് സംബന്ധിച്ച്

* 140 [142] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ ഹിന്ദുമതത്തിൽപ്പെടാത്തവർക്ക് നിഷേധിച്ചിട്ടുണ്ടോ:

† അനുബന്ധം II

‡ അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

38. Kerala Asbestos Cement Pipe Factory Ltd., Kallattinkara, Trichur Dist.

39. The Rahabilitation Plantations Ltd., Tholicode, Punalur —691333.

40. Kerala Constructions Components Ltd., K. R. Puram P. O., Alleppey.

41. Kerala Building Components Ltd., Sherthalai.

അനുബന്ധം II

[നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 138 (140) കാണുക]

വകുപ്പ്	എ	ബി	സി
ധനകാര്യം	മൂന്ന്	ക്ലാസ് 2—3	രണ്ടു പേർ ഫിനാൻസ് പരിശോധനാ വിഭാഗത്തിലും ഒരാൾ സേവിംഗ്സ് ഡയറക്ടറേറ്റിലും
ജലസേചനം (സി.എ.ഡി.എ.)	ഒന്ന്	ക്ലാസ് 1—1	കമ്മാൻസ് ഏരിയാ വികസന വകുപ്പിൽ
നിയമവകുപ്പ്	ഒന്ന്	ക്ലാസ് 1—1	ഔദ്യോഗിക ഭാഷ (നിയമ നിർമ്മാണ കമ്മീഷൻ)
ജി.എ.ഡി. (സ്പെഷ്യൽ എ)	ഒന്ന്	ക്ലാസ് 1—1	ഡൽഹിയിലെ കേരളാ ഹൗസിൽ (സ്പെഷ്യൽ റപ്രസന്റേറ്റീവ്)
ജി.എ.ഡി. (സ്പെഷ്യൽ ബി)	രണ്ട്	ക്ലാസ് 1—2	ഫിനാൻസ് ഇൻസ്പെക്ഷൻ (വർക്സ്) വിംഗിൽ

അനുബന്ധം III

[നക്ഷത്ര ചിഹ്നമിട്ട 139 (141)-ാം നമ്പർ ചോദ്യം കാണുക]

ആദിവാസി കേന്ദ്രങ്ങളിൽ ലഭ്യമായിട്ടുള്ള ചികിത്സാ സൗകര്യങ്ങൾ

1. ആശുപത്രികൾ

ആയുർവ്വേദ ആശുപത്രി :— ആറളം, കണ്ണൂർ ജില്ല

2. ആയുർവ്വേദ ഡിസ്പെൻസറികൾ:—

1. ചെട്ടിയാംപാറ, നെടുമങ്ങാട്
2. ഇടിഞ്ഞാർ, നെടുമങ്ങാട്
3. കുളത്തൂപ്പുഴ, പുനലൂർ

LIBRARY ARCHIVES Kerala Legislative Assembly

4. ചിറ്റാർ, റാന്നി
5. ചമ്പക്കാട്, ദേവികുളം
6. നാളിയാനി, തൊടുപുഴ
7. മന്നാംകണ്ടം, ദേവികുളം
8. കുരുതിക്കളം, തൊടുപുഴ
9. പിണവൂർകുടി, ദേവികുളം
10. കാഞ്ചിയാർ, ഉടുമ്പൻചോല
11. കുരിയാർകുറ്റി, ചിറ്റൂർ, പാലക്കാട്
12. കരുളായ്, ഏറനാട്, മലപ്പുറം
13. കണ്ണവം, തലശ്ശേരി
14. തിരുനെല്ലി, മാനന്തവാടി
15. തരിയോട്, വൈത്തിരി, വയനാട്

16. ചിങ്ങേരി, എസ്. ബത്തേരി
17. ബേള, കാസർകോഡ്
18. അച്ചൻകോവിൽ
19. മായൂർ
20. കോട്ടത്താ
21. പെരുവംപാടം

3. അലോപ്പതി ഡിസ്പെൻസറികം:—

1. കൂവക്കണ്ടം, തൊടുപുഴ
2. പാക്കം, എസ്. ബത്തേരി
3. മുക്കാലി, മണ്ണാർക്കാട്

4. റൂറൽ ഡിസ്പെൻസറികം (അലോപ്പതി):—

1. തിരുനെല്ലി, വയനാട്
2. ഇടവക, വയനാട്
3. തൊണ്ടർനാട്, വയനാട്
4. പൂതാടി, വയനാട്
5. നൂൽപുഴ, വയനാട്
6. ചീരാൽ, വയനാട്
7. ചുള്ളിയോട്, വയനാട്
8. വേങ്ങപ്പള്ളി, വയനാട്
9. പനമരം, വയനാട്
10. വെള്ളമുണ്ട, വയനാട്
11. അമ്പലവയൽ, വയനാട്
12. കല്പറ്റ, വയനാട്
13. മുള്ളൻകൊല്ലി, വയനാട്
14. പുതൂർ, പാലക്കാട്
15. ചോക്കോട്; മലപ്പുറം
16. ഷോളയൂർ, തൃശ്ശൂർ

5. ഹോമിയോ ഡിസ്പെൻസറികം :

1. വാണിയപ്പാറ
2. കാക്കവയൽ
3. പഴയരിക്കണ്ടം
4. കല്ലാർ

LIBRARY ARCHIVES Kerala Legislative Assembly

6. പ്രൈമറി ഹെൽത്ത് സെൻററുകൾ :—

1. പെരുന്നല്ലൂർ, വയനാട് ജില്ല
2. തരിയോട് ,,
3. മീനങ്ങാടി ,,
4. പുൽപ്പള്ളി ,,
5. മേപ്പാടി ,,
6. അഗളി, പാലക്കാട് ജില്ല
7. വിതുര, തിരുവനന്തപുരം ജില്ല
8. ചിറ്റാരുപ്പറമ്പ, കണ്ണൂർ

7. മിഡ്വൈഫറി സെൻററുകൾ :—

1. അച്ചൻ കോവിൽ
2. കാപ്പുസെറ്റ്
3. തരിയോട്
4. കണ്ണവം
5. തിരുനെല്ലി

8. മൊബൈൽ മെഡിക്കൽ യൂണിറ്റ് :—

1. തിരുവനന്തപുരം
2. തൊടുപുഴ
3. അമ്പലവയൽ
4. അട്ടപ്പാടി
5. നിലമ്പൂർ
6. വിതുര

അനുബന്ധം IV

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം 331 (362) കാണുക]

നിർദ്ദേശം 1

സംസ്ഥാനത്ത് പട്ടികജാതി പട്ടിക വർഗ്ഗങ്ങളുടെ ഇപ്പോഴുള്ള പട്ടിക പുതുക്കണം.

(1) പട്ടികജാതിയിൽപെട്ടതും സംസ്ഥാനത്ത് നിലവിലില്ലാത്തതുമായ സമുദായങ്ങളെ പട്ടികയിൽനിന്നും നിക്കംചെയ്യുക.

(2) ഒന്നിൽ കൂടുതൽ പേരുകളിലറിയപ്പെടുന്ന പട്ടിക ജാതികളേയും പട്ടിക വർഗ്ഗക്കാരേയും ഒറ്റ ജാതി/വർഗ്ഗമായി കാണുക.

(3) പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലും ഉൾപ്പെട്ട മലയരെ പട്ടിക വർഗ്ഗത്തിൽനിന്നും നീക്കി പട്ടികജാതിയിൽ ഉൾപ്പെടുത്തുക.

(4) മലബാർ പ്രദേശത്തെ തണ്ടാൻമാരെ പട്ടികജാതിയിൽനിന്നും നീക്കം ചെയ്യണം.

(5) പുള്ളുവൻ, ചെമ്മാൻ എന്നീ ജാതികളുടെ പേര് പട്ടികജാതിയിൽ ഉൾപ്പെടുത്തണം.

(6) മേൽപ്പറഞ്ഞ മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് പട്ടികജാതി—പട്ടിക വർഗ്ഗക്കാരുടെ ലിസ്റ്റ് പുതുക്കണം.

LIBRARY ARCHIVES Kerala Legislative Assembly